## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 363 | 16.03.2017 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>ശ്രീ. പി.ബി. അബ്ദുൾ റസ്സാക്ക്<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പുന:സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ പുന:സംഘടിപ്പിക്കുവാനും നവീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജന പ്രദമാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു;<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള എല്ലാ സേവനങ്ങളും ഇന്റർനെറ്റ് വഴി ലഭ്യമാക്കുന്നതിലേക്കുള്ള നടപടികൾ പൂർത്തിയായി വരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കടലാസ് രഹിത ഓഫീസുകൾ ആക്കി മാറ്റുന്നതിനായി ഇലക്ട്രോണിക് ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് പദ്ധതിയും നടപ്പിലാക്കി വരുന്നു. |

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടു കൂടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പദ്ധതിയാണ് "എംപ്ലോയബിലിറ്റി സെന്റർ". ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി വരുന്നു. തുടർന്ന് സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്കു അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ചെയ്തു വരുന്നു. ഇപ്രകാരം തൊഴിൽ നൈപുണ്യം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. ഇതിനു പുറമെ

ഗ്രാമീണ മേഖലയിലെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഉപകാര പ്രദമാകുന്ന വിധത്തിൽ താലൂക്ക് തലത്തിൽ ആരംഭിക്കുന്ന പദ്ധതിയാണ് കരിയർ ഡെവലപ്പ്മെന്റ് സെന്റർ. വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും കാലാനുസൃത മാറ്റങ്ങളെയും നൂതന പ്രവണതകളെയും കുറിച്ച് അറിവും അവബോധവും നൽകുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉപരിപഠനം തെരഞ്ഞെടുക്കുന്നതിനും അവരുടെ കഴിവിനും യോഗ്യതയ്ക്കും അനുസരിച്ചുള്ള തൊഴിൽ കണ്ടെത്തുന്നതിനും സഹായിക്കുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം ഏതൊക്കെ ഒഴിവുകളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നികത്തേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം പൊതുമേഖലകളിലെയും 25-ഓ അതിൽ കൂടുതലോ ആളുകൾ ജോലി ചെയ്യുന്ന സ്വകാര്യ മേഖലകളിലെയും സ്ഥാപനങ്ങൾ, ഒഴിവുകൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്. സർക്കാർ വകുപ്പുകൾ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കമ്പനികൾ, കോർപ്പറേഷനുകൾ, സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ

....4/-

എന്നിവിടങ്ങളിലുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്കു പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ സി.എൻ.വി. ആക്ടിലെ വ്യവസ്ഥകൾക്കു വിധേയമായാണ്.

| | |
|---|---|
| (സി) ആക്ടിലെ വ്യവസ്ഥകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; കഴിഞ്ഞ രണ്ടു വർഷത്തിനിടെ അത്തരത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകാമോ? | (സി) ആക്ട് ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ഒരു മാസത്തിനകം ബന്ധപ്പെട്ട ഉദ്യോഗദായകന് കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതും മറുപടി തൃപ്തികരമല്ലെങ്കിൽ ആറു മാസത്തിനകം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ലംഘനം നടത്തിയ ഉദ്യോഗസ്ഥനിൽ നിന്നും 500 മുതൽ 1000 രൂപവരെ പിഴ ഈടാക്കാവുന്നതുമാണ്. <br> 2015-16 വർഷങ്ങളിലായി 119 സ്ഥാപനങ്ങളിൽ 1959 ലെ സി.എൻ.വി. ആക്ടിന്റെ ലംഘനം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി ആക്ട് പ്രകാരമുള്ള അന്വേഷണം നടത്തി ഒഴിവുകൾ നിർബന്ധമായും ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വിജ്ഞാപനം ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ഇത് സംബന്ധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗദായകർ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ